പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3331

09/04/2013-ൽ
മറുപടിയ്ക്ക്

<u>കോളേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

**ചോദ്യം**

**മറുപടി**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ.കെ.മുരളീധരൻ :
ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br><br>(ബി) | സംസ്ഥാനത്ത് കോളേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ)<br>&<br>ബി) | കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി നാക് നിലവാരത്തിലെത്തിയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. 2012-13 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 450 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (സി) | ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സർക്കാർ കോളേജ് മൂന്നാർ, സർക്കാർ കോളേജ് തിരൂർ, സർക്കാർ കോളേജ് കോട്ടയം, സർക്കാർ കോളേജ് ചിറ്റൂർ എന്നീ കോളേജുകളിൽ 2012-13 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | എൻ.എ.എ.സി റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പ്രോഗ്രാം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഓരോ വർഷവും സജ്ജമാക്കുകയും, നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻകൂട്ടി പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നതുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതിലൂടെ പ്രസ്തുത സ്ഥാപനങ്ങൾക്ക് എൻ.എ.എ.സി റേറ്റിംഗ് ലഭിക്കുന്നതിന് സഹായകരമാകും എന്നു കരുതുന്നു. |

സെക്ഷൻ ഓഫീസർ